മംഗളം
18 April 2017




▪ സി.എം.എഫ്.ആർ.ഐയിൽ മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച പരിപാടിയിൽ നെതർലൻഡിലെ ആംസ്റ്റർഡാം സർവകലാശാല പ്രഫസർ ഡോ. മാർട്ടിൻ ബാവിക്ക് സംസാരിക്കുന്നു.

# മത്സ്യബന്ധന ഭരണനിർവഹണത്തിൽ ശാസ്ത്രത്തേക്കാൾ മുഖ്യപങ്ക് വഹിക്കുന്നത് രാഷ്ട്രീയം: ഡോ. മാർട്ടിൻ ബാവിക്ക്

കൊച്ചി: ശാസ്ത്രത്തിന് പകരം രാഷ്ട്രീയമാണ് ഇന്ത്യയടക്കമുള്ള രാജ്യങ്ങളിലെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഭരണനിർവഹണത്തിൽ മുഖ്യ പങ്ക് വഹിക്കുന്നതെന്ന് ഇന്ത്യയിലെയും ശ്രീലങ്കയിലെയും മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് ഗവേഷണം നടത്തുന്ന നെതർലൻഡിലെ ആംസ്റ്റർഡാം സർവകലാശാല പ്രഫസർ ഡോ. മാർട്ടിൻ ബാവിക്ക് പറഞ്ഞു. മത്സ്യബന്ധന മേഖലയിലെ ഭരണനിർവഹണം എന്ന വിഷയത്തിൽ സി.എം.എഫ്.ആർ.ഐയിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെയും ശ്രീലങ്കയുടെയും സമുദ്രാതിർത്തിയിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇന്നും അവസാനിക്കാത്തത് പ്രധാനമായും രാഷ്ട്രീയകാരണങ്ങളാലാണ്.

വടക്കൻ ശ്രീലങ്കയിലെ ഇരുപത്തയ്യായിരത്തോളം ചെറുകിട മത്സ്യത്തൊഴിലാളികളും കുടുംബങ്ങളും ഉപജീവന മാർഗത്തിന് പ്രധാനമായും ആശ്രയിക്കുന്ന ഈ മേഖലയിൽ മത്സ്യബന്ധനം നടത്തുന്നതിന് ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നിയന്ത്രണവിധേയമാക്കണം. യാനങ്ങളുടെ വലിപ്പം കുറയ്ക്കുന്നതിന് തമിഴ്നാട് സർക്കാർ മുൻകൈയെടുക്കണം. എന്നാൽ ഒരുപരിധിവരെ ഇന്ത്യയും ശ്രീലങ്കയും തമ്മിൽ ഇക്കാര്യത്തിലുള്ള തർക്കം ഒഴിവാക്കാമെന്നും അദ്ദേഹം പറഞ്ഞു.

രാഷ്ട്രീയ പ്രേരിതമായ തീരുമാനങ്ങൾക്കപ്പുറം ശാസ്ത്ര പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള മാർഗനിർദേശങ്ങളാണ് ഇക്കാര്യത്തിൽ വേണ്ടത്. അതിന് ഇന്ത്യയുടെ പ്രധാന സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമായ സി.എം.എഫ്.ആർ.ഐയും ശ്രീലങ്കയുടെ നാഷണൽ അക്വാട്ടിക് റിസോഴ്സ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഏജൻസിയും സംയ്കുത പഠനം നടത്തുകയും യോജിച്ച തീരുമാനങ്ങൾ കൈക്കൊള്ളുകയും വേണം. ഇന്ത്യയിൽ സമുദ്രമത്സ്യമേഖലയിലെ ഭരണ നിർവഹണം പ്രധാനമായും രാഷ്ട്രീയ പ്രേരിതമാണ്. നയങ്ങളും മുൻഗണനകളും നടപ്പിലാക്കുന്നത് ശാസ്ത്ര പഠനങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്നതിന് പകരം പൊതുമണ്ഡലങ്ങളിൽ ചർച്ച ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. ഇന്ത്യൻ മത്സ്യമേഖലയുടെ പുരോഗതിയിലേക്ക് നയിക്കുന്നതിന് ഈ രംഗത്തെ അനാവശ്യമായ രാഷ്ട്രീയ സ്വാധീനങ്ങൾ തടയണമെന്നും ഡോ. ബാവിക്ക് പറഞ്ഞു. മത്സ്യബന്ധനത്തിലൂടെ ഇന്ത്യക്ക് നേട്ടമുണ്ടാക്കാനായിട്ടുണ്ടെങ്കിലും അമിത മത്സ്യബന്ധനത്തിലൂടെ സമുദ്ര ആവാസവ്യവസ്ഥ തകരാനും ചെറുകിട മത്സ്യബന്ധനവുമായി ഉപജീവനം നടത്തുന്നവർക്ക് പ്രശ്നങ്ങളുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ സമുദ്ര സമ്പത്ത് സംരക്ഷിക്കുന്നതിന് ശാസ്ത്ര പഠനങ്ങളുടെ വെളിച്ചത്തിൽ പങ്കാളിത്ത പരിപാലന രീതി വികസിപ്പിക്കണം. മത്സ്യമേഖലയിലെ നയങ്ങൾ രൂപപ്പെടുത്തുമ്പോൾ ചെറുകിട മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ലഭ്യതയ്ക്കും വരുമാനത്തിനും പ്രാധാന്യം നൽകണം. വൻകിട മത്സ്യബന്ധന രീതികളെ നിരുത്സാഹപ്പെടുത്തണമെന്നും മാർട്ടിൻ ബാവിക്ക് പറഞ്ഞു.

മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് പ്രഭാഷണ പരിപാടി സംഘടിപ്പിച്ചത്. സി.എം.എഫ്.ആർ.ഐയിലെ ശാസ്ത്രജ്ഞരുമായി ചർച്ചയും നടന്നു.